# അക്കാദമിക് മാസ്റ്റർ പ്ലാൻ

# സ്കൂൾതലം

ഹോളി ഫാമിലി
LPS കൊല്ലിഷ്ടാറ.

## ആമുഖം

പൊതുവിദ്യാഭ്യാസ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന സമഗ്രഗുണമേന്മാ പദ്ധതിയുടെ ഭാഗമായി ഈ വിദ്യാലയത്തിലും അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത് കുട്ടികളിൽ പ്രകടമായ മാറ്റം ഉണ്ടാക്കുന്നതിന വേണ്ടിയാണ്. വിദ്യാലയത്തിലെ മുഴുവൻ കുട്ടികൾക്കും ഉയർന്ന പഠനനിലവാരം ഉറപ്പാക്കേണ്ടതുണ്ട്. ഇതിനായി ഭാഷാപരമായ വളർച്ചയ്ക്കും സർഗാത്മക വികാസനത്തിനും ഉതകുന്ന പ്രവർത്തനങ്ങളാണ് ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നത്. അക്കാദമിക മാസ്റ്റർ പ്ലാനിലൂടെ വിദ്യാലയത്തിന്റെ അക്കാദമികവും ഭൗതികവും സാമൂഹികവുമായ സമഗ്രമുന്നേറ്റമാണ് ഉദ്ദേശിക്കുന്നത്.

# വിദ്യാലയത്തിന്റെ ലഘുചരിത്രം

കണ്ണൂർ ജില്ലയിലെ തളിപ്പറമ്പ് താലൂക്കിലെ ആലക്കോട് പഞ്ചായത്തിലെ മലയോരപ്രദേശമായ നെല്ലിപ്പാറയിലെ വിദ്യാഭ്യാസ സ്ഥാപനമാണ് ഹോളിഫാമിലി എൽ പി സ്കൂൾ നെല്ലിപ്പാറ. തലശ്ശേരി എഡ്യൂക്കേഷണൽ കോർപറേറ്റിന്റെ കീഴിലാണ് ഈ വിദ്യാലയം. 1982ൽ റെവ. ഫാ. ജോസഫ് മാമ്പുഴയാണ് വിദ്യാലയം സ്ഥാപിച്ചത്. മലയോര പ്രദേശമായ നെല്ലിപ്പാറയിലെ അനേകം പേർക്ക് വിദ്യ പകർന്നു നൽകാൻ ഈ സ്കൂളിന് സാധിച്ചു.

# വിദ്യാലയത്തിലെ നിലവിലെ അവസ്ഥാ വിശകലനം

ഭൗതികം : നേട്ടങ്ങൾ

* മെച്ചപ്പെട്ട സൗകര്യമുള്ള കെട്ടിടമാണ് വിദ്യാലയത്തിനുള്ളത്.
* എല്ലാ ക്ലാസ്മുറികളിലും പ്രൊജക്ടർ, ലാപ്ടോപ്പ്, വൈറ്റ്ബോർഡ് സൗകര്യങ്ങൾ ലഭ്യമാണ്.
* എല്ലാ ക്ലാസുകളിലും ക്ലാസ് ലൈബ്രറി.
* കളിക്കാൻ വിശാലമായ മൈതാനം
* കുട്ടികളുടെ എണ്ണത്തിനനുസൃതമായ ടോയ്‌ലറ്റ് സൗകര്യം
* കുടിവെള്ള സൗകര്യം
* ആധുനിക സൗകര്യങ്ങളോടുകൂടിയ അടുക്കള
* എല്ലാ കുട്ടികൾക്കും എത്തിച്ചേരാൻ ആവശ്യമായ യാത്രാസൗകര്യം.

## അക്കാദമികം : നേട്ടങ്ങൾ

തളിപ്പറമ്പ നോർത്ത് ഉപജില്ലയിൽ അക്കാദമിക കാര്യങ്ങളിൽ മികച്ച നിലവാരം പുലർത്തുന്ന വിദ്യാലയമാണ് ഹോളിഫാമിലി എൽ.പി. സ്കൂൾ നെല്ലിപ്പാറ. ശാസ്ത്ര ഗണിതശാസ്ത്ര പ്രവർത്തി പരിചയമേളകളിൽ മികച്ച പങ്കാളിത്തം ഉറപ്പുവരുത്താനും ഗ്രേഡുകൾ നേടാനും സാധിച്ചിട്ടുണ്ട്. കലോത്സവങ്ങളിലും പരമാവധി പരിപാടികളിൽ പങ്കെടുക്കുകയും കുട്ടികൾ മികവ് പ്രകടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ചിത്രരചന, കവിതാരചന ക്യാമ്പുകൾ എന്നിവ സംഘടിപ്പിച്ചതിലൂടെ കുട്ടികളുടെ സർഗാത്മകത വികസിപ്പിക്കാൻ കഴിഞ്ഞു. വർഷാവസാനം പഠനമികവുകളുടെ അവതരണം പഠനോത്സവവും എല്ലാ കുട്ടികളുടെയും കലാപരമായ കഴിവുകൾ പ്രകടിപ്പിച്ചുകൊണ്ട് വിപുലമായ രീതിയിൽ വൻജനപങ്കാളിത്തത്തോടെ വാർഷികവും നടത്തിയിട്ടുണ്ട്. ബഹു: ഇരിക്കൂർ MLA ശ്രീ. സജീവ് ജോസഫ് അവർകളുടെ ദിശാദർശൻ പരിപാടിയുടെ ഭാഗമായ 'ഭാഷാമൃതം' പദ്ധതിയിൽ കഴിഞ്ഞ വർഷങ്ങളിൽ മികവു തെളിയിക്കാൻ നമ്മുടെ കുട്ടികൾക്ക് സാധിച്ചു.

## അക്കാദമികം : പരിമിതികൾ

* വിവിധ മത്സര പരീക്ഷകളിൽ കുട്ടികളുടെ നിലവാരം ഇനിയും ഉയർത്തേണ്ടതുണ്ട്.
* പൊതുവിജ്ഞാനത്തിലുള്ള അറിവ് വർധിപ്പിക്കുന്നതിനായി വിവിധ പരിപാടികൾ നടപ്പിലാക്കേണ്ടതുണ്ട്.

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല |
| --- | --- | --- | --- |
| സർഗ്ഗശേഷി വികാസം. | · പാട്ടരങ്ങ് മികച്ച കലാധ്യാപകനെ വിളിച്ച് പാട്ടരങ്ങ് ഉദ്ഘാടനം നടത്തുകയും കുട്ടികൾക്കായി ഒരുദിവസത്തെ ക്യാമ്പും നടത്തി. | ജൂലൈ | |
| | · എല്ലാ മാസവും പാട്ടരങ്ങ് നടത്തുന്നു. | മാസത്തിൽ രണ്ട് തവണ | ക്ലാസ് ടീച്ചർ |
| | · കവിതാലാപനം | മാസത്തിൽ ഒന്ന് | ക്ലാസ് ടീച്ചർ |
| മികച്ച എഴുത്തുകാരാകൽ. | · ചിത്രങ്ങൾ പ്രദർശിപ്പിച്ച് അതി കുറിച്ച് സംസാരിക്കൽ. · ഒരു ചിത്രത്തെ അടിസ്ഥാനമാക്കി സ്വന്തമായി കഥാരചന. · വരികൾ കൂട്ടിച്ചേർക്കൽ | ആഴ്ചയിൽ ഒരു തവണ. | ക്ലാസ് ടീച്ചർ |
| ഒരു സാഹിത്യരൂപം മറ്റൊരു സാഹിത്യരൂപത്തിലേക്ക് മാറ്റൽ | പാഠഭാഗങ്ങളെ വ്യത്യസ്തരീതിയിൽ രംഗാവിഷ്കാരം നടത്തുന്നു (സംഭാഷണം, കഥ, കവിത...) | പ്രതിമാസ പരിപാടി | |

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല |
| --- | --- | --- | --- |
| റീഡേഴ്സ് തിയേറ്റർ | • കുട്ടികൾക്ക് അവരുടെ വായനാനിലവാരത്തിന് അനുയോജ്യമായ സ്ക്രിപ്റ്റുകൾ നൽകുന്നു<br>• സ്ക്രിപ്റ്റ് കുട്ടികൾക്ക് പങ്കിട്ടു നൽകി ഭാവാഭിനയത്തോടെ അവതരിപ്പിക്കുന്നു. | ആഴ്ചയിലൊരിക്കൽ | ക്ലാസ് ടീച്ചർ |
| കഥാവായന | എല്ലാ ദിവസവും അരമണിക്കൂർ വീതം സ്കൂൾ തലത്തിൽ കഥാവായന നടത്തുന്നു. | ദിവസവും | |
| വിശേഷദിനങ്ങളുടെ പ്രാധാന്യം മനസ്സിലാക്കുന്നതിന്. | ദിനാചരണങ്ങളുമായി ബന്ധപ്പെട്ട വിവിധ പ്രവർത്തനങ്ങൾ സംഘടിപ്പിക്കൽ<br>ചാർട്ട് പ്രദർശിപ്പിക്കൽ, ക്വിസ് ..... | - | ക്ലബ്ബ് |
| ശാസ്ത്രാവബോധം വളർത്തൽ | • പ്രകൃതിനടത്തം<br>• ഫീൽഡ് ട്രിപ്പ്<br>• ലഘുപരീക്ഷണങ്ങൾ | ആവശ്യാനുസരണം. | |

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| മലയാളം ഒഴുക്കോടെ വായിക്കൽ | ഓരോ പാഠഭാഗവുമായി ബന്ധപ്പെട്ട് വായനാകാർഡുകൾ നൽകാനും അവതരിപ്പിക്കുകയും ചെയ്യുന്നു. | ജൂൺ/ജൂലൈ | |
| | => വായിച്ച കഥ അവതരിപ്പിക്കൽ<br>=> പിന്നാക്കക്കാർക്കുള്ള പ്രവർത്തനം<br>(വരുന്ന വാക്യങ്ങൾ) | | |
| | പിന്നാക്കം നിൽക്കുന്ന കുട്ടികൾക്ക് അക്ഷരം ഉറപ്പിക്കുന്നതിനായി മലയാളത്തിളക്കം.<br>=> കവിതയെ ചിത്രീകരിക്കുന്നു.<br>ദൃശ്യാവിഷ്കാരം | ആഗസ്റ്റ്. | |
| | • വാക്കുകൾ നൽകി അവയെ വാക്യങ്ങൾ ആക്കുന്നു.<br>• വാക്യക്രമീകരണം - പദകാർഡുകൾ നൽകുന്നു. | സെപ്റ്റംബർ | |
| | • വായനാക്കുറിപ്പ്<br>• വരികൾ കൂട്ടിച്ചേർക്കൽ | ഒക്ടോബർ | |

| | | | |
|---|---|---|---|
| | ആസ്വാദനക്കുറിപ്പ് ചിത്രം നൽകി അതിൽ നിന്നും സ്വന്തമായി കുട്ടികൾ സംഭാഷണം തയ്യാറാക്കുന്നു. | നവംബർ | |
| | ഏതെങ്കിലും ഒരു ആശയത്തെ അടിസ്ഥാനമാക്കി കുട്ടികൾ സ്വന്തമായി വിവരണം തയ്യാറാക്കുന്നു | ഡിസംബർ | |
| | സ്വായത്തമാക്കിയ വാക്കുകൾ ഉപയോഗിച്ച് ആശയപൂർണതയോടെ എഴുതാൻ കഴിവ് നേടുന്നു. | ജനുവരി. | |
| | ഡിജിറ്റൽ സാധ്യതകളിലൂടെ പുതിയ അവതരണത്തിനുള്ള സാധ്യതകൾ | ഫെബ്രുവരി. | |
| | പലതരത്തിലുള്ള കയ്യെഴുത്തുമാസികകൾ രൂപപ്പെടുത്തി നവ മാധ്യമങ്ങളിലും PTA മീറ്റിംഗിലും പ്രദർശനം ഒരുക്കൽ. | മാർച്ച് | |

| | | | |
|---|---|---|---|
| | ആസ്വാദനക്കുറിപ്പ്<br>ചിത്രം നൽകി അതിൽ നിന്നും സ്വന്തമായി കുട്ടികൾ സംഭാഷണം തയ്യാറാക്കുന്നു. | നവംബർ | |
| | ഏതെങ്കിലും ഒരു ആശയത്തെ അടിസ്ഥാനമാക്കി കുട്ടികൾ സ്വന്തമായി വിവരണം തയ്യാറാക്കുന്നു | ഡിസംബർ' | |
| | സ്വായത്തമാക്കിയ വാക്കുകൾ ഉപയോഗിച്ച് ആശയപൂർണ്ണതയോടെ എഴുതാൻ കഴിവ് നേടുന്നു. | ജനുവരി. | |
| | ഡിജിറ്റൽ സാധ്യതകളിലൂടെ പുനരവതരണത്തിനുള്ള സാധ്യതകൾ | ഫെബ്രുവരി' | |
| | പഠനത്തിലൂടെ കണ്ടെത്തുന്ന രചനകൾ രൂപപ്പെടുത്തി നവ മാധ്യമങ്ങളിലും PTA മീറ്റിംഗിലും പ്രദർശനം ഒരുക്കൽ' | മാർച്ച് | |